ഉത്തരം

വിവിധ വകുപ്പുകളിലെ താത്കാലിക ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള 28-10-2014-ലെ G.O.(P) 466/2014/Fin. നമ്പർ ഉത്തരവിലെ ആനുകൂല്യം ഭാരതീയ ചികിത്സാ വകുപ്പിലെ പാരാമെഡിക്കൽ ജീവനക്കാർക്കുകൂടി ബാധകമാക്കുന്നത് സംബന്ധിച്ച് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്. ഹോമിയോ വകുപ്പിന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

കാൻസർ രോഗികൾക്ക് ആനുകൂല്യങ്ങൾ

57 (4340) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ബാധിച്ച എത്ര രോഗികൾക്കാണ് നിലവിൽ രാഷ്ട്രീയ സ്വാസ്ഥീയ സുരക്ഷ പദ്ധതിയുടെ ഭാഗമായി ആനുകൂല്യങ്ങൾ ലഭിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) മുഴുവൻ കാൻസർ രോഗികൾക്കും പ്രസ്തുത സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) രാഷ്ട്രീയ സ്വാസ്ഥീയ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിലില്ല. രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ.), ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികളിലൂടെ കാൻസർ രോഗികൾക്ക് കാൻസർ ചികിത്സാ ആനുകൂല്യം ലഭിക്കുന്നുണ്ട്.

ശാസ്ത്രീയ പരിശോധനയില്ലാതെ മാർക്കറ്റ് ചെയ്യുന്ന മരുന്നുകൾ ഉണ്ടാക്കുന്ന ഗുരുതരമായ ആരോഗ്യ പ്രശ്നം

58 (4341) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളിൽ ആശങ്കയുണ്ടാക്കുംവിധം നിരവധി രോഗങ്ങളെക്കുറിച്ചും അവയ്ക്കുള്ള മരുന്നുകളെക്കുറിച്ചും ദൃശ്യ പത്ര മാധ്യമങ്ങളിലൂടെ പരസ്യങ്ങൾ നൽകി മരുന്നുകൾ മാർക്കറ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം മരുന്നുകളും ഉൽപ്പന്നങ്ങളും കേരളത്തിൽ വിൽപ്പന നടത്താൻ അനുമതി നൽകിയിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly